വൈക്കത്ത് ഒരു ഫയർ സ്റ്റേഷൻ

1732 [2609] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്ത് ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് മുമ്പ് പ്രഖ്യാപിച്ചിരുന്നത് നടപ്പിലാക്കിയോ;

(ബി) ഇല്ലെങ്കിൽ അവിടെ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നില്ല.

(ബി) സാമ്പത്തിക പരിമിതി മൂലം തൽക്കാലം ഇക്കാര്യം പരിഗണിക്കുവാൻ നിവൃത്തിയില്ല.

പത്തനംതിട്ട ജില്ലയിൽ ഫയർ സ്റ്റേഷൻ

1733 [2610] ശ്രീമതി റേച്ചൽ സണ്ണി പനവേലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ജില്ലാ തലസ്ഥാനങ്ങളിലാണ് ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ ബാക്കിയുള്ളത്;

(ബി) പത്തനംതിട്ട ജില്ലയിൽ ഒരു ഫയർ സ്റ്റേഷൻ ഇല്ലാത്തതിനെ പ്രയാസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പത്തനംതിട്ടയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) പത്തനംതിട്ട ജില്ല.

(ബി) ഉണ്ട്.

(സി) അടുത്തവർഷം പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ ഒരു ഫയർ സ്റ്റേഷൻ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

മതിലിടിഞ്ഞുവീണ് മരണപ്പെട്ടവരുടെ ആശ്രിതർക്കും ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്നവർക്കും ആശ്വാസനടപടി

1734 [2616] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഈയിടെ മതിലിടിഞ്ഞുവീണ് മരണപ്പെട്ടവരുടെ ആശ്രിതർക്കും ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്നവർക്കും എന്തെല്ലാം അടിയന്തിരാശ്വാസ നടപടികളാണ് എത്തിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly